## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1067** **12/7/2016 ൽ മറുപടിക്ക്**

## കാസർകോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള തസ്തികകൾ

**ചോദ്യം**

**ശ്രീ.എൻ. എ നെല്ലിക്കുന്ന് :**

എ) കാസർകോട് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ട് ; എല്ലാ തസ്തികകളും നികത്തപ്പെട്ടിട്ടുണ്ടോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണ്; ഓഫീസുകൾ തിരിച്ചുള്ള കണക്കുകൾ നൽകാമോ;

**മറുപടി**

**ശ്രീ.വി. എസ്. സുനിൽകുമാർ**
(കൃഷിവകുപ്പ് മന്ത്രി)

എ) കാസർകോട് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ 317 തസ്തികകൾ ഉണ്ട്. ഇതിൽ 252 തസ്തികകളിൽ ജീവനക്കാർ നിലവിൽ ജോലി ചെയ്ത് വരുന്നു. ബാക്കി 25 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

25 തസ്തികകളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡെപ്യൂട്ടി ഡയറക്ടർ (എസ്) - 1
   (പ്രിൻസിപ്പൽ കൃഷി ഓഫീസ്)
2. ഡെപ്യൂട്ടി ഡയറക്ടർ (ക്രഡിറ്റ്) - 1
   (പ്രിൻസിപ്പൽ കൃഷി ഓഫീസ്)
3. അക്കൗണ്ട്സ് ഓഫീസർ - 1
   (പ്രിൻസിപ്പൽ കൃഷി ഓഫീസ്)
4. കൃഷി ഓഫീസർമാർ - 7
   ( കൃഷി ഭവൻ - മീഞ്ച ,വോർക്കാഡി, മൂളിയാർ, ബെല്ലൂർ , അജാനൂർ , ഈസ്റ്റ് എളേരി, വലിയപറമ്പ്)
5. ട്രാക്ടർ ക്ലീനർ - 1
   (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം )
6. പാർട്ട് ടൈം സ്വീപ്പർ - 8
   (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കൃഷി ഭവൻ- മഞ്ചേശ്വരം, ,മംഗലപ്പാടി, പനത്തടി,മൂളിയാർ, ബെല്ലൂർ ,മോഗ്റൽ പുത്തൂർ,ദെലംപാടി)
7. ഫസ്റ്റ് ഗ്രേഡ് ഓവർസീയർ - 1
   (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം )
8. സെക്കന്റ് ഗ്രേഡ് ഓവർസീയർ - 1

| | | |
|---|---|---|
| 9. | ട്രാക്ടർ ഡ്രൈവർ | - 2 |
| 10 | വർക്ക് സൂപ്രണ്ട് | - 1 |
| 11 | മെക്കാനിക്ക് | - 1 |

| | | |
|---|---|---|
| ബി) | കാസർകോട് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ജീവനക്കാരിൽ കാസർകോട് ജില്ലയിൽ നിന്നുള്ളവർ എത്രയാണ്; മറ്റുള്ളവർ ഏത് പ്രദേശത്ത് നിന്നുള്ളവരാണെന്ന് ജില്ല തിരിച്ച് പറയാമോ? | (ബി) കാസർകോട് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ 292 ജീവനക്കാർ ജോലി ചെയ്തു വരുന്നു.<br>ജീവനക്കാരിൽ കാസർകോട് ജില്ലയിൽ നിന്നുള്ളവർ, മറ്റു ജില്ലക്കാർ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ